**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5459** | **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കോളനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഏതൊക്കെ ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്ന കോളനികളിൽ താഴെപറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാധ്യതകൾക്കും കോളനി നിവാസികളുടെ താല്പര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു. 1. ഇൻറേണൽ റോഡ്/ഫുട്പാത്ത് 2. ആശയവിനിമയ സൗകര്യം 3. കുടിവെള്ള സൗകര്യങ്ങൾ 4. ഡ്രെയിനേജ് സൗകര്യങ്ങൾ 5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം 6. സോളാർ തെരുവു വിളക്ക് 7. സാനിറ്റേഷൻ 8. ഭവന പുനരുദ്ധാരണം 9. മാലിന്യനിർമ്മാജനം 10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ) 11. സംരക്ഷണഭിത്തി നിർമ്മാണം 12. ഇറിഗേഷൻ 13. അടുക്കളത്തോട്ടം 14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) കോളനികൾക്കുള്ളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്താവുന്ന കുടിവെള്ളവിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ചു നടത്തി വരുന്നു. |
| (ബി) | വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഡി.എസ്.ആർ. പ്രകാരമാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | അതെ |

| | | | |
|---|---|---|---|
| (ഡി) | ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഉള്ള സംവിധാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ഡി) | അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡപ്രകാരം കോളനിക്കുള്ളിൽ വൈദ്യുതികരണം വീട്ടുകളിലേയ്ക്കുള്ള സോളർ വൈദ്യുതികരണം സോളാർ തെരുവു വിളക്ക് എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിവരുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വൈദ്യുതി വിതരണത്തിനായി പട്ടികജാതി സങ്കേതങ്ങൾ ഒറ്റപ്പെട്ട കുടുംബങ്ങൾ കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവയ്ക്കും അനുമതി നൽകുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ